(സി) സഹകരണസംഘങ്ങളിലെ ആഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ആഡിറ്റ് വകുപ്പു രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്കായി 1969-ലെ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പുകൾ 63, 64 ഉം സഹകരണചട്ടം 64, 65 എന്നിവയിലും ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഭേദഗതി നിയമത്തിൽ സഹകരണ ആഡിറ്റ് ഡയറക്ടറെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) സഹകരണസംഘങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരുദ്യോഗസ്ഥൻ കമ്മീഷനായി പ്രത്യേക തെരഞ്ഞെടുപ്പു കമ്മീഷനെയും നിയമനങ്ങൾക്കു 3 അംഗങ്ങളടങ്ങിയ പ്രത്യേക പരീക്ഷാ ബോർഡിനെയും നിയമിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

നദികളുടെ സംരക്ഷണം

8(*188) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിന് ലോകബാങ്ക് സഹായത്തോടെയുള്ള ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ നദികളുടെ സംരക്ഷണമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളതെന്നും ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ ;

(സി) നദികളുടെ സംരക്ഷണം മുൻനിർത്തി റിവർ മാനേജ്മെന്റ് ഫണ്ട് രൂപവൽക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്തെ നദികളെ സംരക്ഷിക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതി തയ്യാറാക്കുന്നതിനെക്കുറിച്ച് ലോകബാങ്കുമായി ചർച്ചചെയ്തുവരുന്നു. ഇതിന്റെ ആദ്യഘട്ടമായി ഭാരതപ്പുഴ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പൈലറ്റ് പ്രോജക്റ്റ് ലോകബാങ്കിന് സമർപ്പിക്കുവാനായി തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) താഴെപ്പറയുന്ന 9 (ഒൻപത്) നദികളുടെ സംരക്ഷണമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത് :

1. ഭാരതപ്പുഴ
2. പെരിയാർ
3. ചാലിയാർ
4. പമ്പ
5. കല്ലട
6. വാമനപുരം
7. ചന്ദ്രഗിരി
8. കരമന
9. മീനച്ചിൽ എന്നിവയാണ്.

പ്രസ്തുത നദികളുടെ നിയന്ത്രണം പഞ്ചായത്തിന്റെ അധികാരപരിധിയിൽ നിന്നും മാറ്റി സർക്കാരിന്റെ നിയന്ത്രണത്തിലാക്കിയിട്ടുണ്ട്. പാലങ്ങൾ, അണക്കെട്ടുകൾ മുതലായവയുടെ നിർമ്മാണം നദികൾക്ക് ദോഷം വരാത്ത രീതിയിൽ നടത്തുന്നതിനും, നദികളിൽ നിന്നും മണൽ വാരുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പെരിയാറിന്റെ സംരക്ഷണത്തിനായി ഒരു 'പെരിയാർ റിവർ അതോറിറ്റി' രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഏറ്റെടുത്ത പ്രധാനപ്പെട്ട അൻപതു നദികളുടെ സംരക്ഷണത്തിനായി 20-11-1998-ലെ സർക്കാർ ഉത്തരവ് പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഓരോ കടവിൽ നിന്നും നീക്കം ചെയ്യപ്പെടാവുന്ന മണലിന്റെ അളവും വിൽപ്പന വിലയും ജില്ലാകളക്ടർ നിശ്ചയിച്ചതിനുശേഷമേ പഞ്ചായത്തുകൾ നീക്കം ചെയ്യുവാൻ പാടുള്ളൂ. തൊഴിലാളികൾക്കുള്ള വേതനം നൽകിയതിന് ശേഷമുള്ള തുകയുടെ അൻപത് ശതമാനം റിവർ മാനേജ്മെന്റ് ഫണ്ടിനു അടയ്ക്കണമെന്ന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിവർ മാനേജ്മെന്റിൽ നിക്ഷേപിക്കപ്പെടുന്ന തുക മുഴുവനും നദിസംരക്ഷണത്തിനായി ഉപയോഗിക്കുന്നതാണ്.

കായംകുളം താപനിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതി

9 (*189) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപവൈദ്യുതി നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് കെ. എസ്. ഇ. ബി എന്തു വിലയാണ് കൊടുക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly